നം. DDDKER/4224/2022-ES2

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം-695 004
ഫോൺ : 0471-2445749, 2445799
e-mail:dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി: 28-04-2025

ഡയറക്ടർ

1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ക്ഷീരപരിശീലകേന്ദ്രം പ്രിൻസിപ്പാൾമാർക്കും
3. ഫാം ഹെഡ്, സ്റ്റേറ്റ് ഫോഡർ ഫാം

സർ,

വിഷയം : ക്ഷീര വികസന വകുപ്പ് - ജീവനക്കാര്യം - ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും ലാബ് ടെക്നീഷ്യൻ തസ്തികയിലേയ്ക്ക് പ്രൊമോഷൻ - സർക്കാർ ഉത്തരവ് - സംബന്ധിച്ച്.

സൂചന : 15.04.2025 തീയതിയിലെ സ.ഉ (അച്ചടി) നം 8/2025/ഡിഡി നമ്പർ സർക്കാർ ഉത്തരവ്

മേൽ സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും ലാബ് ടെക്നീഷ്യൻ തസ്തികയിലേയ്ക്ക് പ്രൊമോഷനുള്ള യോഗ്യത ലാബ് അസിസ്റ്റന്റ് തസ്തികയിൽ 3 വർഷത്തെ സേവനം എന്ന വിശേഷാൽ ചട്ടങ്ങളിലെ നിബന്ധന 2 വർഷത്തെ സേവനം എന്നാക്കി കുറച്ചുകൊണ്ട് മേൽ സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Sumi Cherian
Date: 28-04-2025 17:31:27

പെൻ: 636653
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ഉള്ളടക്കം: സൂചന ഉത്തരവ്

പകർപ്പ്:

1. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ഡയറക്ടറുടെ സി.എ
3. എല്ലാ സെക്ഷൻ സൂപ്രണ്ട്മാർക്കും
4. ഇ1 സീറ്റ്
5. ഡി.എഫ്.ഐ, IT (ഉത്തരവ് വെബ്സൈറ്റിൽ നൽകുന്നതിനായി)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ക്ഷീരവികസന വകുപ്പ് - ലാബ് ടെക്നീഷ്യൻ തസ്തികയിലേയ്ക്ക് ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും പ്രൊമോഷനുള്ള യോഗ്യത ലാബ് അസിസ്റ്റന്റ് തസ്തികയിൽ 3 വർഷത്തെ സേവനം എന്ന വിശേഷാൽ ചട്ടങ്ങളിലെ നിബന്ധന 2 വർഷത്തെ സേവനം എന്നാക്കി കുറച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ക്ഷീരവികസന വകുപ്പ്

സ.ഉ.(അച്ചടി) നം.8/2025/DD   തീയതി,തിരുവനന്തപുരം, 15-04-2025

---

പരാമർശം:- 1. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 23.10.2018, 27.04.2019, 04.04.2023, 08.01.2024, 24.12.2024 എന്നീ തീയതികളിലെ DDDKER/4224/2022-ES2 നമ്പർ കത്തുകൾ

2. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 24.12.2024 തീയതിയിലെ DDDKER/4224/2022-ES2 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ക്ഷീരവികസന വകുപ്പിലെ നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിന്ന് ലാബ് ടെക്നീഷ്യൻ തസ്തികയിലേക്കുള്ള പ്രൊമോഷനുള്ള യോഗ്യത താഴെ പറയും പ്രകാരമാണ്.

a. എസ്.എസ്.എൽ.സി പാസ്സോ തത്തുല്യ യോഗ്യതയോ

b. ലാബ് അസിസ്റ്റന്റ് തസ്തികയിൽ ക്ഷീരവികസന വകുപ്പിൽ 3 വർഷത്തെ സേവനം അല്ലെങ്കിൽ ക്ഷീരവികസന വകുപ്പിൽ ലാബ് അസിസ്റ്റന്റ് ആയി 1

വർഷത്തെ സേവനവും സംസ്ഥാനത്തെ ഏതെങ്കിലും മെഡിക്കൽ കോളേജോ, പബ്ലിക് ഹെൽത്ത് ലബോറട്ടറിയോ നടത്തുന്ന ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായിരിക്കണം.

ക്ഷീരവികസന വകുപ്പിലെ സാഹചര്യം പരിഗണിച്ച് ലാബ് ടെക്നിഷ്യൻ തസ്തികയിലേക്കുള്ള വകുപ്പുതല സ്ഥാനക്കയറ്റത്തിന് നിലവിലെ യോഗ്യതയായ ക്ഷീരവികസന വകുപ്പിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ 3 വർഷ സേവനം എന്നത് 2 വർഷമായി ഭേദഗതി ചെയ്യണമെന്നും നിലവിലെ അടുത്ത യോഗ്യതയായ ക്ഷീരവികസന വകുപ്പിൽ ലാബ് അസിസ്റ്റന്റായി 1 വർഷം സേവനവും, സംസ്ഥാനത്തെ ഏതെങ്കിലും മെഡിക്കൽ കോളേജോ, പബ്ലിക് ഹെൽ ത്ത് ലബോറട്ടറിയോ നടത്തുന്ന ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായിരിക്കണം എന്നത് അതേപടി തന്നെ നിലനിർത്തുന്നതിനും വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തണമെന്നും വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ വേണ്ടി വരുന്ന നടപടിക്രമങ്ങളിൽ കാലതാമസം ഉണ്ടാകാൻ ഇടയുള്ളതിനാൽ മേല്പറഞ്ഞ ഭേദഗതി ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ പുറപ്പെടുവിക്കണമെന്നും ക്ഷീരവികസന വകുപ്പ് ഡയറക്ടർ പരാമർശം 2 -ലെ കത്തിലൂടെ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും ലാബ് ടെക്നീഷ്യൻ തസ്തികയിലേയ്ക്ക് പ്രൊമോഷനുള്ള യോഗ്യത ലാബ് അസിസ്റ്റന്റ് തസ്തികയിൽ 3 വർഷത്തെ സേവനം എന്ന വിശേഷാൽ ചട്ടങ്ങളിലെ നിബന്ധന 2 വർഷത്തെ സേവനം എന്നാക്കി കുറച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേല്പറഞ്ഞ രീതിയിൽ യോഗ്യത പുനർനിശ്ചയിച്ചുകൊണ്ട് വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തി പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ വാസുകി കെ ഐ എ എസ്

സെക്രട്ടറി

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (ADV-A1/26/2025-P&ARD ഫയൽ പ്രകാരം)

വിവര -പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Abhilash R P
Date: 18-04-2025 18:28:54
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്